കഥ

# മുച്ചീട്ടു കളിക്കാരൻ

വിജയകുമാർ കളരിക്കൽ

പണ്ട് ഒരു മലയായിരുന്നു ഇന്നച്ചന്റിടം.

കുറെ ഉണ്ടക്കല്ലുകളും ചരൽ അധികമായ മണ്ണും, കുറ്റികാടുകളും കുറുക്കനും കുറുനരിയും കീരിയും വർഗ്ഗത്തിൽ കുറഞ്ഞ പാമ്പുകളും യഥേഷ്ടം വിഹരിച്ചിരുന്നൊരു കുന്ന്, എഴുപത്തിയഞ്ചേക്കർ വിസ്തീർണ്ണത്തിൽ.

ആരോ, ആരുടേയോ പേരിൽ കൊടുത്തതെന്നു പറയുന്നൊരു പട്ടയവുമായി ഇന്നച്ചനു വേണ്ടി അവർ മല കൈയ്യേറുകയായിരുന്നു. അവർ എന്നു പറയുന്നത് ഇന്നച്ചന്റെ അഭ്യുദയ കാംക്ഷികളാണ്. ഇന്നച്ചന്റെ ഉന്നതി തങ്ങളുടെ കൂടി ഉന്നതിയാണെന്നറിയുന്നവർ, കണക്കു കൂട്ടി തീരുമാനിച്ചിരുക്കുന്നവർ, കരുക്കൾ നീക്കുന്നവർ.

വടക്കു നിന്നൊരു കാടു പണിക്കാരനും, തെക്കു നിന്നൊരു മൃഗ സംരക്ഷകനും കിഴക്കു നിന്നൊരു ശില്പിയും, മേക്ക് നിന്നൊരു തച്ചുശാസ്ത്രജ്ഞനും പരിവാരസമേതം എത്തിച്ചേർന്ന്, പടിപടിയായി ഓരോരോ പണികൾ ചെയ്യുകയായിരുന്നു. നീണ്ടു, നീണ്ടു മൂന്നു കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ,

ഇന്നച്ചന്റിടം,

നൂറുപേർക്ക് യഥേഷ്ടം വാഴാൻ കഴിയുന്നൊരു കൊട്ടാരമായി.

മലയാകെ തട്ടുകളായി തിരിച്ച് കയ്യാലകൾ വേണ്ടിടത്ത് കയ്യാലകളും, മതിലുകൾ വേണ്ടിടത്ത് മ തിലുകളും പണിതുയർത്തി, ടാർ വിരിച്ചൊരു പാതയും തീർത്തു.

മലമുകളിൽ തന്നെ ഒരു കാവും, കാവിൽ താഴുന്ന വെള്ളത്തിന് ഒലിച്ചിറങ്ങി സംഭരിക്കപ്പെടാനൊരു കുളവും പണിതു. മല മുകളിൽ തന്നെ തടാകം പോലൊരു ജല സംഭരണി തീർത്തു. പെയ്യുന്ന ജലമാകെ മലയിൽ തന്നെ താഴ്ന്നിറങ്ങാനായിട്ട് മഴക്കുഴികളും തീർത്തു.

മാവും പ്ലാവും തെങ്ങും കമുകും ആഞ്ഞിലിയും വച്ചു പിടിപ്പിച്ചു. അവയിലൊക്കെ കയറിപ്പടരാൻ പടർപ്പുകളേയും വള്ളികളേയും അനുവദിച്ചു.

പക്ഷികൾക്ക് ചേക്കറാൻ വാതിലുകൾ തുറന്നു വച്ചു , അണ്ണാറക്കണ്ണനു തിന്നാൻ പേരക്കകൾ കായ്ചു പഴുക്കാൻ അനുവാദം കൊടുത്തു. കപ്പയും ചേനയും ചേമ്പും വാഴയും ഇടവിളകളായി.

ആടുകളും മാടുകളും കോഴിയും പൂച്ചയും പട്ടിയും ആരുടെയെല്ലാമോ കൈയ്യിൽ തൂങ്ങി വന്നു ചേർന്നു.

അങ്ങിനെ,

ഇന്നച്ചന്റിടം നഗരമദ്ധ്യത്തിലെ ഒരു കുളിർമയായി....

അതു വഴി കടന്നു പോകുന്ന അന്യനാട്ടുകാർക്കൊരു കാഴ്ചയായി.

ഇന്നച്ചനോ, ആ കൊട്ടാരത്തിൽ, സുഖസമൃദ്ധിയിൽ വാഴുന്നു.

കൊട്ടാരമെമ്പാടും തോക്കു ധാരികളായ കരിമ്പൂച്ചകൾ ചെവികൂർപ്പിച്ചു നടക്കുന്നു. ഇന്നച്ചന്റെ ഭാര്യ വെറോണിക്കക്കും മക്കൾ ഗിഫ്റ്റിക്കും ലക്കിക്കും എന്തും ചെയ്തു കൊടുക്കാൻ പരിവാരങ്ങൾ മത്സരിച്ചു നടക്കുന്നു. അവരേയും നിരീക്ഷിച്ചു കൊണ്ട് സുരക്ഷാ ഉദ്യോഗസ്ഥർ കഴുകൻ കണ്ണുകളുമായി ഉറങ്ങാതിരിക്കുന്നു.

ആ ഇന്നച്ചന്റെ ഒരു ദിവസം തുടങ്ങകയാണ്. പ്രഭാതകൃത്യങ്ങളൊന്നും പൊതു ജനത്തെ കാണിക്കുന്നില്ലെങ്കിലും അതുകൾ പോലും ക്യാമറ പകർത്തി സൂക്ഷിക്കുന്നുണ്ടെന്നതാണ് നാട്ടു കേൾവി. അതെന്താകിലും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞ്, പ്രാതൽ കഴിഞ്ഞ് ട്രെസ്സിംഗ് ടേബിളിൽ എത്തുമ്പോൾ മുതൽ ക്യാമറകൾ ദൃശ്യങ്ങൾ കാണിച്ചു തുടങ്ങുന്നു. വെബ്ബിലൂടെ, ഇന്നച്ചൻ ഡോട്ട് കോമിലുടെ വേണ്ടവരെല്ലാം കാണുന്നു.

മുറിയിലേക്ക് മുറിക്കയ്യൻ ബനിയനിലും വെളുത്തൊരു മുണ്ടിലും എത്തിയ ഇന്നച്ചനെ ആദ്യം പാന്റിടുവിക്കുകയും ഷർട്ട് ഇടുവിച്ച് ടൈ കെട്ടി കൊടുക്കുകയും ചെയ്യുന്നു. അതിനു വേണ്ടി മാത്രം രണ്ടു പേരാണ് മുറിയിലേക്ക് വന്നത്. അവരുടെ ഊഴം കഴിഞ്ഞ് പിരിഞ്ഞപ്പോൾ മേക്കപ്മാൻ മുടി ചീകിയൊതുക്കി, മുഖത്ത് കുറച്ച് പൗഡറിട്ട്, അയാളുടെ സ്വാതസിദ്ധമായ ശൈലിയിൽ, കര ചലനങ്ങളാൽ അവിടവിടെ ചില സ്പർശനങ്ങളും തട്ടലും മുട്ടലും കൊടുത്ത് കോട്ടിടുവിച്ച് ഇന്നച്ചനെ ജെന്റിൽമാനാക്കി പ്രധാന മുറിയിലേക്ക് ആനയിക്കുന്നു.

മുറിയിലെ വിളക്കുകളെല്ലാം തെളിയുന്നു, പ്രധാനയിടം തയ്യാറാക്കുന്നവർ അവസാന മിനുക്കു പണികൾ ചെയ്ത തീർത്ത് ഇന്നച്ചന് മുന്നിൽ ഓച്ചാനിച്ച് ഒരു മിനിട്ട് നിന്ന്, മുഖം തെളിഞ്ഞെന്നു കണ്ട്മുറി വിടുന്നു.

മുറിയിൽ സജ്ജീകരിച്ചിരുക്കുന്ന ഇരിപ്പിടങ്ങളിലേക്ക്, കമ്പ്യൂട്ടറുകളുടെ മുന്നിലേക്ക് എഞ്ചിനീയർമാരെത്തിച്ചേരുന്നു. അവരെല്ലാം ജെന്റിൽമാൻ സ്റ്റൈലുകളിലാണ്. അവർക്ക് മുന്നിലെ കമ്പ്യൂട്ടറുകളെ തുറന്ന് പ്രവർത്തന സജ്ജമാക്കിക്കൊണ്ട് കാതോർത്തിരിക്കുന്നു.

പ്രധാന മണ്ഡപത്തിൽ കയറി സിംഹാസനത്തിൽ ഇന്നച്ചൻ ഇരിക്കുന്നു. ഇന്നച്ചന്റെ മനോഹരമായ മുഖത്ത് പുഞ്ചിരി വിടരുന്നു. ക്ലീൻ ഷേവ് ചെയ്ത, മൂത്ത കുമ്പളങ്ങ പോലുള്ള മുഖത്തിന് അസാധാരണമായൊരു വശ്യത തന്നെയുണ്ട്.

ഇന്നച്ചന്റെ മുന്നിലേക്ക് കിന്നരികളാലും വർണ്ണ തോരണങ്ങളാലും അലങ്കരിച്ചിരിക്കുന്നൊരു ടേബിൾ മണ്ഡപത്തിന്റെ അടിയിൽ നിന്നും ഉയർന്നു വരുന്നു.

മാസ്മരിക ശക്തിയാവാഹിച്ചിരിക്കുന്നൊരു മണിനാദം അവിടമാകെ നിറയുന്നു.

ഇന്നച്ചൻ ഒന്നു കൂടി ഉഷാറായി, പറയുന്നു.

-നാം തുടങ്ങുകയാണ്.

മുപ്പതോളം വരുന്ന കമ്പ്യൂട്ടർ വിദഗ്ധർ ഒന്നനങ്ങിയിരുന്നു.

ഇന്നച്ചൻ ടേബിളിന്റെ വലിപ്പ് തുറന്ന് ഒരു കുത്ത് ചീട്ടെടുത്ത് മേശമേൽ വച്ചു ക്യാമറയെ നോക്കി ഒന്നു പുഞ്ചിരിക്കുന്നു.

ചീട്ടുകൾ കശക്കി മൂന്ന് ചീട്ടുകൾ തിരഞ്ഞെടുത്ത് ക്യാമറകൾക്ക് കാണാവുന്ന വിധത്തിൽ പ്രദർശിപ്പിക്കുന്നു.

ഇന്നച്ചൻ പറയുന്നു.

-ഇന്നത്തെ നമ്മുടെ ചീട്ടുകൾ ഒരു ക്ലാവർ റാണിയും ഒരു ആടുതൻ ഏഴും ഒരു ഡൈമൻ എട്ടുമാണ്.

ഒരു ചീട്ട് ഇടതുകൈയിലും രണ്ടു ചീട്ടുകൾ വലതു കൈയിലും വച്ചിട്ട് പ്രഖ്യാപിക്കുന്നു.

-വെയ്യ് രാജാ വെയ്യ്, ഒന്നു വെച്ചാൽ രണ്ടു കിട്ടും, രണ്ടു വെച്ചാൽ നാലു കിട്ടും, നാലു വെച്ചാൽ എട്ടു കിട്ടും.... ആർക്കും വെയ്ക്കാം, എന്തും വെയ്ക്കാം എവിടെയും വെയ്ക്കാം... പടത്തിൽ വെച്ചാൽ നിങ്ങൾക്ക് നമ്പറിൽ വെച്ചാൽ കമ്പനിക്ക്.... വെയ്യ് രാജാ വെയ്യ്....

പ്രഖ്യാപനം തീർന്നയുടൻ ഇന്നച്ചന്റെ കൈകൾ മിന്നൽ വേഗത്തിൽ ചലിക്കുന്നു. ചീട്ടുകളെ മേശമേൽ കമഴ്ത്തി വക്കുന്നു.

ഝടുതിയിൽ കമ്പ്യൂട്ടർ വിദഗ്ധർ മെയിലുകൾ പരതി തുടങ്ങി, വായിച്ചു തുടങ്ങി, മറുപടി കൊടുത്തു തുടങ്ങി......

നിമിഷങ്ങൾ നീങ്ങവെ,

ഓരോ കമ്പ്യൂട്ടർ വിദഗ്ധരും പറഞ്ഞു തുടങ്ങി,

വൺ ലാക്ക് ഫ്രം യു എസ് എ ഇൻ ലെഫ്റ്റ് കാർഡ്, സ്ഥിരം കളിക്കാരൻ ആണ്.

ടൂ ലാക്ക് ഫ്രം യൂ കെ ഇൻ റൈറ്റ് കാർഡ്, പുതിയ ബിസിനസ്സ്കാരനാണ്.

ടെൺ ലാക്ക് ഫ്രം ഇന്ത്യാ, ഐ എ സ് ഉദ്യോഗസ്ഥനാണ്.

അങ്ങിനെ,

ലക്ഷങ്ങൾ, കോടികൾ, സ്ഥലങ്ങൾ, കെട്ടിടങ്ങൾ, സ്ഥാനങ്ങൾ, മാനങ്ങൾ, ഒരു സ്ത്രീയെയും വാതു വച്ചിരിക്കുന്നു. അത് ഇന്ത്യയിൽ നിന്നുമാണ്. ഇന്നച്ചന്റെ ചീട്ടുകളി ചരിത്രത്തിൽ ഇത് മൂന്നാമത്തെ സ്ത്രീയാണ്. ഇതിന് മുമ്പ് രണ്ടും ഇന്ത്യയിൽ നിന്നു തന്നെയായിരുന്നു. വാതു വയ്പുകാരുടെ ഭാര്യമാരെ തന്നെയാണ് വച്ചിട്ടുള്ളതും. അവരെല്ലാം ധർമപുത്രന്മാരാണ്. ഇന്ത്യാക്കാരായ ധർമപുത്രന്മാർക്കേ ഭാര്യയെ പണയം വക്കാൻ കഴിയുകയുള്ളൂ. കാരണം ഭാര്യമാരുടെ മേലുള്ള ആധിപത്യം ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമാണ്.

മുമ്പ് വാതു വയ്പിൽ കിട്ടിയ ഒരു സ്ത്രീയെ, ആ കളിയിൽ തന്നെ ചിത്രത്തിൽ പണം വച്ചൊരു അറബി എണ്ണ മുതലാളിക്ക് കൊടുത്ത് ഇന്നച്ചൻ അയാളുടെ പ്രിയപ്പെട്ടവനായി. മറ്റൊരിക്കൽ കളി കഴിഞ്ഞ അടുത്ത നാളിൽ കൊൽക്കത്താ നഗരത്തിൽ നിന്നും ഇന്നച്ചന്റെ കിങ്കരന്മാർ തപ്പിയെടുത്തു കൊണ്ടു വന്ന് സ്ത്രീയെ രണ്ട് അഭ്യുദയകാംക്ഷികൾ കസ്റ്റടിയിൽ വച്ച്, കൊണ്ടു നടന്ന്, സ്റ്റാർ ഹോട്ടലുകളിൽ പാർത്ത്, രണ്ട് ശ്രേഷ്ടേ സമുദായ നേതാക്കളെ കാണിച്ച്, ഒരു വ്യവസായ പ്രമുഖന്റെ കൂടെ ഒരു രാത്രിയിൽ കഴിയാൻ അനുവദിച്ച്, ഒരു സംസ്ഥാന മന്ത്രിയുടേയും രണ്ട് കേന്ദ്ര ജനപ്രതിനിധികളുടേയും കൂടെ വേദി പങ്കിട്ട് രണ്ടു മാസ ശേഷം ഒരു ഹോങ്കോങ്ങ് മലയാളിക്ക് സ്പാ സെന്ററിന്റെ ഷോക്കേസിൽ വയ്ക്കാൻ കൊടുത്ത് അഞ്ചു ലക്ഷം രൂപ ഇനാം വാങ്ങി.

വാതു വയ്ക്കുന്ന പണങ്ങളെല്ലാം അടുത്ത നിമിഷം തന്നെ നെറ്റ് ബാങ്കിംഗ് വഴി ഇന്നച്ചന്റെ അക്കൗണ്ടുകളിലെത്തിച്ചു ചേർക്കാൻ കമ്പ്യൂട്ടർ വിദഗ്ധർ വൈദഗ്ധ്യം തെളിയിച്ചിട്ടുള്ളവരാണ്. മറ്റ് സ്ഥാപര ജംഗമ വസ്തുക്കൾ ആഗോളത്തിലെവിടെ ആയിരുന്നാലും ഇന്നച്ചന്റെ കിങ്കരന്മാർ, കമ്മീഷൻ പറ്റുന്നമറ്റുള്ളവരുടെ, രാഷ്ട്രങ്ങളുടെ തന്നെ കിങ്കരന്മാർ, വാടകക്കു കിട്ടുന്ന ജോലിക്കാർ ഇന്നച്ചന്റെ അധീനതയിൽ എത്തിച്ചേർത്തിരിക്കും. ചിലപ്പോൾ അതിന്

ചില കൊടുക്കലു വാങ്ങലുകൾ നടക്കാറുണ്ടെങ്കിലും വിജയം ഒടുക്കം ഇന്നച്ചനുള്ളതു തന്നെയായിട്ടാണ് നടന്നു വരുന്നത്.

വാതു വയ്പിൽ സ്വ മന്ത്രി സ്ഥാനം തന്നെ നഷ്ടപ്പെട്ട് സ്ഥിര ബുദ്ധി പോയൊരു ദേശീയ നേതാവ് ഇന്നച്ചന്റെ അനുഭവത്തിലുണ്ട്. പക്ഷെ, പത്രങ്ങൾ അതിനെപ്പറ്റിയെഴുതിയത് അനാരോഗ്യം കാരണം മന്ത്രിസ്ഥാനം ഒഴിഞ്ഞതാണെന്നാണ്. പിന്നീട് വന്നൊരു ശുഭ മുഹൂർത്തത്തിൽ യുവജന പ്രസ്ഥാനത്തിലെ ഒരു രാജ്യസഭാംഗം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തുകയുമുണ്ടായി.

ലക്ഷങ്ങൾ മാത്രം പൗരന്മാരുള്ളൊരു രാജ്യത്തെ രാജാവ് കിരീടവും ചെങ്കോലും നഷ്ട പ്പെട്ട്, സിംഹാസനം വിട്ടൊഴിഞ്ഞ് പിച്ചച്ചട്ടിയുമായിട്ട് ലോക മഹാരാഷ്ട്രങ്ങളുടെ മുന്നിൽ കൈ നീട്ടി നില്ക്കേണ്ടി വന്നിട്ടിണ്ട്. പതിനായിരക്കണക്കിന് കോടി രൂപ ആസ്തിയുണ്ടായിരുന്ന ഒരു ഗൾഫ് വ്യവസായ പ്രമുഖൻ ഇന്ന് ഇന്നച്ചിടത്ത് സെക്യൂരിറ്റിയായി ജോലി നോക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ഭാര്യ, വെറോണിക്കയുടെ അടുക്കളയിലെ പാത്രം കഴുകുന്ന ജോലിക്കാരിയാണ്. രണ്ടു പെൺമക്കൾ ഇന്നച്ചന്റെ അഭ്യുദയകാംക്ഷികളുടെ ഏണിയിലെ രണ്ടു പടികളാണ്.

അക്കഥകളെല്ലാം ഇന്നച്ചന്റെ തൊപ്പിയിലെ തൂവലുകളാണെന്നാണ് അഭ്യുദയകാംക്ഷി കൾ പറയുന്നത്.

ഇന്നച്ചനെ കുറിച്ച് നാടോടി കഥകളും കെട്ടു കഥകളും നിലവിലുണ്ട്. അതു പറഞ്ഞു നടക്കുന്നൊരു വിഭാഗം തന്നെയുണ്ട്. അവർക്ക് തക്കതായ പ്രതിഫലവും കിട്ടുന്നുണ്ട്.

ഒരു നാൾ രാവിന്റെ അന്ത്യയാമങ്ങളിൽ ഒന്നിൽ ഇന്നച്ചന്റിടത്തിനടുത്ത മലയിലിലെ ഒരു സ്ഥിരം താമസക്കാരൻ മൂത്ര വിസർജനത്തിന് ഉറക്കപ്പിച്ചോടുകൂടി മുറ്റത്തിരിക്കവെ, ഇന്ന ച്ചൻ, കൊട്ടാരത്തിന്റെ മേലെ പ്രകാശിതനായി നില്കുന്നതു കണ്ടെന്നും ഗീവറുഗീസ് പുണ്യാള നെപ്പോലെ തോന്നിയെന്നും മൂർച്ഛിച്ചു വീണു പോയ അയാൾ നേരം നന്നേ വെളുത്തതിനു ശേഷമാണ് മുറ്റത്തു നിന്നും എഴുന്നേറ്റതെന്നും ഒരു കഥ.

മുച്ചീട്ടു കളിക്കാനായി ക്യാമറക്കു മുന്നിൽ ഇരിക്കുന്ന ഇന്നച്ചന്റെ തലക്കു ചുറ്റും ഒരു പ്രകാശ വളയം കാണാൻ കഴിയുന്നുണ്ടെന്ന് പ്രശസ്തമായ മറ്റൊരു കഥ.

ഒന്നുമില്ലായ്മയിൽ നിന്നും ഒരു കോടി ജനങ്ങളെങ്കിലും കാണുന്ന, കേൾക്കുന്ന, അറി യുന്ന ഇന്നച്ചനായതിൽ എന്തെല്ലാമോ ഉണ്ടെന്ന് അഭ്യുദയകാംക്ഷികളല്ലാത്തവരും പറയുന്നുണ്ട്. വ്യത്യസ്ഥമായ പല കാഴ്ചകളും സീരിയലുകളായും ചലച്ചിത്രങ്ങളായും സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഫീച്ചറുകളായും കഥകളായും, കവിതകളായും പത്രങ്ങളും പലതും പറഞ്ഞ് കഴിഞ്ഞിട്ടുമുണ്ട്.

അപ്രകാരം ഇന്നച്ചൻ മുച്ചീട്ടു കളിച്ചും, പൊതു ജനം വാതു വച്ചും നേടുകയും നഷ്ടപ്പെടുകയും, കൊള്ളുകയും കൊടുക്കുകയും, മാമലകളേറുകയും മഹാസമുദ്രത്തിൽ നീന്തുകയും ചെയ്തു വരവെ,

ഒന്നും രണ്ടും ദിന രാത്രങ്ങളല്ല വർഷങ്ങൾ കഴിഞ്ഞപ്പോൾ, ഇന്നച്ചനെ അറിയാത്തവരെ ക്കൂടി അറിയിച്ചു കൊണ്ട്, പ്രത്യേക വാർത്തകളൊന്നും കോളിളക്കം സൃഷ്ടിക്കാത്ത നേരത്ത്, അല്ലെങ്കിൽ മറ്റുള്ള കോളിളക്കങ്ങളെല്ലാം ഒഴിഞ്ഞ് കാറും കോളു മില്ലാതെ മനുഷ്യ മനസ്സുകൾ ശാന്ത സമുദ്രം പോലെ ആഴങ്ങളെ പുൽകി കൊണ്ടിരിക്കവെ,

ഒരിടതുപക്ഷ ചാനൽ ബേപ്പൂർ സുൽത്താനെക്കുറിച്ച് ഒരു എക്സ്ക്ലൂസീവ് വാർത്ത കൊണ്ടു വന്നു. അതെ, അദ്ദേഹം തന്നെ, പണ്ടെന്നോ ഒരു പി എസ് സി പരീക്ഷക്കുണ്ടായി രുന്ന ചോദ്യത്തിന് ഏതോ ഒരു പരീക്ഷാർത്ഥി കല്ലായ് തീരത്തെ ഒരു തടികച്ചവടക്കാരനാ ണെന്ന് ഉത്തരം എഴുതി വാർത്ത സൃഷ്ടിച്ച ആളു തന്നെ, മരച്ചുവട്ടിൽ ചാരു കസേരയിൽ മയങ്ങി കിടക്കുകയും ഇടക്കിടക്ക് ഞെട്ടി എഴുന്നേറ്റിരുന്നു വിശ്വ സാഹിത്യം രചിക്കുകയും ചെയ്തിരുന്ന, പഴയൊരു ഫയൽമാന്റെ ചങ്കുറ്റത്തോടുകൂടി, ഒറ്റ മുണ്ടു മാത്രമുടുത്ത്, കട്ടൻ ബീഡി വലിച്ചിരിക്കുന്ന സാക്ഷാൽ വൈക്കം മുഹമ്മദു ബഷീറിനെക്കുറിച്ചു തന്നെ,

അദ്ദേഹമാണത്രെ ആദ്യമായി സാഹിത്യത്തിൽ, മലയാള സാഹിത്യത്തിൽ മാത്രമല്ല വിശ്വ സാഹിത്യത്തിൽ തന്നെ മുച്ചീട്ടു കളി കൊണ്ടു വന്നിരിക്കുന്നത്. 'വെയ്ക്ക് രാജാ വെയ്ക്ക'ന്ന് ആദ്യം പഞ്ഞത് ഒറ്റക്കണ്ണൻ പോക്കറാണത്രെ. ആ പ്രഖ്യാപനം, ശ്രീമാൻ ഇന്ന ച്ചൻ കോപ്പിയടിച്ചിരിക്കുകയാണത്രെ... ഇന്നച്ചന്റെ ജീവചരിത്രവും ഏതാണ്ട് ഒറ്റക്കണ്ണൻ പോക്ക റിന്റേതു പോലെയാണത്രെ........

ഇത്തിരി പോന്നൊരു മുറി വാടകക്കെടുത്താണത്രെ ഇന്നച്ചനും ഭാര്യ വെറോണിക്കയും ജീവിതം തുടങ്ങിയത്.

അതിന് ഇന്നച്ചൻ പണ്ടൊരു മഞ്ഞ പത്രത്തിന് മറുപടിയും കൊടുത്തിട്ടുള്ളുതാണ്, അയാളുടെ അപ്പന് ആറ് ആൺ മക്കളും നാലു പെൺ മക്കളും ഉണ്ടായിരുന്നു. എല്ലാവരും കൂടി കഴിഞ്ഞ് വന്നിരുന്നത് രണ്ടു മുറിയും അടുക്കളയുമുള്ള വീട്ടിലായിരുന്നു. അമ്മയും

അപ്പനുംകൂടി ഒരു മുറിയിൽ കിടക്കും, മുലകുടിക്കുന്ന കുട്ടിയുള്ളപ്പോൾ അതും കൂടെ കിടക്കും. ബാക്കിയെല്ലാവരും കൂടി അടുത്ത മുറിയിൽഉറങ്ങുകയും ചെയ്തു വന്നു. മൂത്ത സന്തതിയായ ഇന്നച്ചൻ കല്യാണം ചെയ്തപ്പോൾ ഭാര്യയുമൊത്ത് കിടക്കാനിടമില്ലാതെ വരികയും വാടക മുറിയിലെത്തിപ്പെടുകയുമായിരുന്നെന്ന്, അന്നു പറഞ്ഞ കഥ, ഇന്നും ഇന്നച്ചൻ മാറ്റി പറയാൻ സാദ്ധ്യതയില്ല.

അദ്ധ്വാനിക്കുന്ന പണികൾ ചെയ്യാൻ മടിയായിരുന്നുതു കൊണ്ട് കണ്ടെത്തിയ ജോലിയാണ് മുച്ചീട്ടുകളി. അല്ലാതെ ഒറ്റക്കണ്ണൻ പോക്കറിനെപ്പോലെ സ്ഥലത്തെ ബുദ്ധി ജീവിയായിരുന്നതു കൊണ്ടോ ബേപ്പൂർ സുൽത്താനെ നേരത്തെ അറിയുന്നതു കൊണ്ടോ, അദ്ദേഹത്തിന്റെ വിശ്വ സാഹിത്യം കാണാതെ പഠിച്ച് പകർത്തിയതോ അല്ലെന്ന് അടുത്ത നാളിൽ ഏതോ ഒരു വായനക്കാരന്റെ എതിർ എഴുത്ത് വന്നു.

അയാൾ സമർത്ഥിക്കുന്നു, ഒറ്റക്കണ്ണൻ പോക്കറിനെപ്പോലെ ഒരു ചന്തയിൽ മാത്രമല്ല ഇന്നച്ചൻ കളിച്ചിരുന്നത്, അടുത്ത ചന്തകളിലും, ഉത്സവ പറമ്പുകളിലും, പെരുന്നാൾ പറമ്പുകളിലും, ചന്ദനക്കുടങ്ങൾക്കും തന്റെ കൈവിരൽ വേഗതകാണിച്ച് ആളുകളെ സ്തബ്ദരാക്കിയുരുന്നു.

ഇന്നച്ചൻ ഇതേവരെ ഒരു മണ്ടൻ മുത്തപ്പയേയും ബീഡി വലി പഠിപ്പിച്ചിട്ടില്ല. ശത്രുക്കളായിട്ട് മൂരാച്ചി പോലീസുകാരില്ല (അവരൊക്കെ അഭ്യുദയകാംക്ഷികളായിപ്പോയതാണെന്ന് എതിർ വാദം), ലോക സുന്ദരിയായ സൈനബ എന്നൊരു മകളില്ല, ആനവാരി രാമൻ നായരേയും പൊൻകുരിശ്ശു തോമയെയും അറിയുകയുമില്ല.

വാർത്തകൾ ജനിച്ച ആദ്യ നാളുകളിൽ ചാനലുകൾ വഴി, പത്രങ്ങൾ വഴി ഇന്നച്ചൻ പെയ്ത് ഇറങ്ങുകയായിരുന്നു, ന്യൂന മർദ്ദം കയറി പെയ്യുന്നതുപോലെ, നിലക്കാതെ, പേമാരിയായി. കാറ്റും ഇടക്കിടക്ക് നടുക്കുന്ന വിധത്തിലുള്ള ഇടിയും മിന്നലും, ഉരുൾ പൊട്ടലുകളും വെള്ളപ്പൊക്കവും അനിയന്ത്രിതമായി എത്തി ജന ജീവിതത്തെ സാരമായി ബാധിക്കുകതന്നെ ചെയ്തു.

പെയ്തിറങ്ങിയ കഥകൾക്ക് ആദ്യം കണ്ട ഭാവമല്ലാതെയായി, ഏതോ നിനച്ചിരിക്കാത്ത നിമിഷത്തിൽ വിശ്വ സാഹിത്യകാരനായ ബേപ്പൂർ സുൽത്താൻ പെട്ടന്ന് കരുവല്ലാതെയായി. അവരുടെ ലക്ഷ്യം മണ്ടൻമുത്തപ്പയൊ, ഒറ്റക്കണ്ണൻ പോക്കറോ, വിശ്വസുന്ദരി സൈനബയൊ അല്ലായിരുന്നെന്ന് എഴുത്തുകൾ വന്നു. അവരൊക്കെ ആദ്യ ശ്രദ്ധ പിടിച്ചു പറ്റാൻ വേണ്ടിയിറക്കിയ പരസ്യ മോഡലുകൾ മാത്രമായിരുന്നെന്ന് ജനം വിമർശിച്ചു. ബേപ്പൂർ സുൽത്താനെ ആവശ്യമില്ലാത്ത കാര്യത്തിലേക്ക് വലിച്ചിറക്കിയത് ശരിയായില്ലായെന്ന് സാംസ്കാരിക പ്രവർത്തകർ, തലമുതിർലന്ന എഴുത്തുകാർ പ്രസ്താവിച്ചു.

കഥകളിൽ ഇന്നച്ചൻ തന്നെ കേന്ദ്ര ബിന്ദുവായി മാറി. അയാൾ വാരിക്കൂട്ടിയ കോടാനുകോടി പണം, അതിന്റെ വരവ് ഉറവിടങ്ങൾ, ചെലവഴിക്കപ്പെടുന്ന മാർഗ്ഗങ്ങൾ, കൈകാര്യം ചെയ്യുന്ന കരങ്ങൾ, ആ കരങ്ങൾ ഉറച്ചിരിക്കുന്ന തോളുകൾ, ആ തോളുകൾ ഉൾക്കൊള്ളുന്ന ദേഹങ്ങൾ, ദേഹങ്ങളെ കേന്ദ്രീകരിച്ചു നിർത്തിയിരിക്കുന്ന ബുദ്ധിസ്ഥാനങ്ങൽ.....

ഊഹാപോഹങ്ങളെ നിരത്തി ആദ്യം പ്രകടനങ്ങൾ നടത്തിയെങ്കിലും പിന്നീട് വ്യക്തികളെ വ്യക്തമാക്കിക്കൊണ്ടും കഥകൾ മെനഞ്ഞു. ന്യായ അന്യായങ്ങൾ തിരിക്കുന്നിടത്ത്, ഭാര്യയെ പണയം വച്ച ധർമപുത്രന്മാരും കിരീടവും ചെങ്കോലും നഷ്ടപ്പെട്ട രാജാക്കന്മാരും ത്രാസിന്റെ ഒരു തട്ടിൽ നിന്നപ്പോൾ മറുതട്ടിൽ ഇന്നച്ചനേയും മുഖങ്ങൾ തിരിച്ചറിയപ്പെട്ട അഭ്യുദയകാംക്ഷികളേയും കയറ്റി നിർത്തി. ഇവരെയൊക്കെ കാണിക്കുന്നതിന്റെ കൂടെ ചാനലുകാർ, ഹോംങ്കോങ്ങ് സ്പായിൽ ചില്ലലമാരയിൽ കാഴ്ച വസ്തുവായി വച്ചിരിക്കുന്ന നഗ്നയായ കൊൽക്കൊത്തകാരിയെ നിഴൽ രൂപമായും, എണ്ണ മുതലാളിയായ അറബി കൊണ്ടുപോയ സ്ത്രീയെക്കൊണ്ട് പ്രകൃതി വിരുദ്ധ ലീലാവിലാസമാടിക്കുന്ന കാഴ്ചകൾ അവ്യക്തമായും നിരന്തരം കാണിച്ചു കൊണ്ടിരിക്കുന്നു. നിഴലാട്ടം മാറ്റി, അവ്യക്തത നീക്കി കാണുവാൻ തങ്ങളുടെ വെബ്ബ് സൈറ്റ് സന്ദർശിക്കാൻ ക്ഷണിക്കുകയും ചെയ്യുന്നു.

പത്രക്കാരാണെങ്കിൽ, ആ സ്ത്രീകളുടെ അശ്ലീലമായിടങ്ങളിലെല്ലാം കറുത്ത ഇൻസുലേഷൻ ടേപ്പൊട്ടിച്ച് വാർത്തകൾക്കിടയിൽ പോസ്റ്റു ചെയ്തും കാണിച്ച് ചാനലുകാരെ കടത്തിവെട്ടാൻ ശ്രമിക്കുന്നു. പ്രമുഖമാരായൊരു ദിനപത്രം ഇന്നച്ചന്റെ വ്യത്യസ്തങ്ങളായ ഫോട്ടോകൾ കാണിച്ച്, വ്യത്യസ്തമെന്നത്, ശൈശവത്തിൽ ഇഴഞ്ഞും, ബാല്യത്തിൽ നടന്നും, കൗമാരത്തിൽ ഓടിയും യൗവനത്തിൽ നടനമാടിയും മദ്ധ്യ വയസ്സിൽ വീണ്ടും നടന്നും നീങ്ങുന്ന ചിത്രങ്ങൾ കാണിച്ച് ഫീച്ചർ എഴുതി. അവരുടെ പ്രതി പത്രം, ഇന്നച്ചന്റെ ശൈശവ കൗമാരകാലഘട്ടത്ത് ഫോട്ടോകൾ എടുത്തു സൂക്ഷിക്കാൻ കഴിവുണ്ടായിരുന്നവരല്ല ഇന്നച്ചന്റെ അപ്പനമ്മമാരെന്നും, പത്തു മക്കളെ പോറ്റി വളർത്താൻ തന്നെ പാടുപെട്ട പാക്കു കച്ചവടക്കാരന് ഫോട്ടോകൾ എടുത്തു സൂക്ഷിക്കാൻ കഴിഞ്ഞുവെന്ന് പറയുന്നതു തന്നെ സമൂഹത്തെ തെറ്റിദ്ധാരണയിലേക്ക് നയിക്കുന്ന വാർത്തയാണെന്ന് തെളിയിച്ച് മറ്റൊരു ഫീച്ചറെഴുതി.

ഒരു, അപസർപ്പക കഥയെഴുത്തകാരായ വാരിക ഇന്നച്ചൻ വാങ്ങിക്കൂട്ടിയിരിക്കുന്ന സ്വത്തുവകകളെയും സ്ഥിരം ബാങ്ക് ഡെപ്പോസിറ്റുകളെയും വിദേശ ബാങ്കുകളിലെ അക്കൗണ്ടുകളെയും അക്കങ്ങളും അക്ഷരങ്ങളും കൂട്ടി കലർത്തിയെഴുതി മാലോകരെ ബോധവാന്മാരാക്കി.

ചായങ്ങൾ കഴുകിമാറ്റിയും പുതിയ ചായങ്ങൾ തേച്ചു പിടിപ്പിച്ചും പല ചേരികളായി തിരിഞ്ഞും, ചേരികൾ തന്നെ പരസ്പരം കുത്തിയും പുതിയ മാനദണ്ഡങ്ങൾ അവതരിപ്പിച്ചും പഴയ മാനദണ്ഡങ്ങളെ മുറുകെ പിടിച്ചും വ്യക്തികളും കൂട്ടായ്മകളും സമൂഹവും രാഷ്ട്രീയ പാർട്ടികളും ചർച്ചകൾ നടത്തി.

ഇന്നച്ചൻ വിശ്വാസ വഞ്ചകനായി കോടതി കയറി,

റിമാന്റ് ചെയ്യപ്പെട്ടു,

ജയിലിലായി.

സംസ്ഥാനത്തിലകത്തും, പുറത്തും,

രാജ്യത്തിനകത്തും പുറത്തും,

പല രാജ്യങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചും,

തെളിവെടുപ്പിനും, കോടതിയിൽ ഹാജരാക്കുന്നതിനും ഇന്നച്ചനെ അകമ്പടിയോടെ കൊണ്ടു നടന്നു.

അപ്പോഴും, ഒരിക്കൽപോലും ഇന്നച്ചന്റെ മുഖം മ്ലാനമായില്ല. മൂത്ത കുമ്പളങ്ങയുടേതു പോലുള്ള മുഖത്ത് സ്വതസിദ്ധമായ പുഞ്ചിരി വിടർന്നു നിന്നു. അതിനെ അഹങ്കാരമെന്നും, സമൂഹത്തോടുള്ള പുച്ഛമെന്നും, ധനം വാഴുന്നവന്റെ നെഞ്ചൂക്കെന്നും ജനം വിധിയെഴുതി. അങ്ങിനെ വിധിയെഴുതാൻ ഉതകും വിധത്താലായിരുന്നു മാധ്യമ വിചാരണകൾ. കോടതി വിചാരണയേക്കാൾ വിദഗ്ധമായിട്ട് മാധ്യമങ്ങൾ കിട്ടിയ അറിവുകളെ കാര്യകാരണ സഹിതം കീറി മുറിച്ചു.

സാദാപോലീസും, രഹസ്യപോലീസും, ഇന്റർപോളും കാണാത്തകാര്യങ്ങൾ കൂടി മേശയുടെ അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് ചർച്ച ചെയ്ത്, വാഗ്വാദങ്ങൾ നടത്തി കിള്ളിക്കീറി ജനങ്ങൾക്കു മുന്നിലേക്ക് ഇട്ടു കൊടുത്തു. ജനങ്ങൾ കോടതിക്ക് മുമ്പെ വിധിയെഴുതി.

ഇന്നച്ചനെന്ന മുച്ചീട്ടുകളിക്കാരൻ വിശ്വാസ വഞ്ചനകാണിച്ച് കോടാനുകോടി രൂപ തട്ടിച്ചെടുത്തു, ആഡംബരമായി ജീവിച്ചു. തരാതരം പോലെ വിദേശകാറുകൾ ഉപയോഗിച്ചു. ഭാര്യയും മക്കളും നിത്യേന ഫ്രൈഡ് റൈസും ചിക്കനും കഴിച്ചു. (വെറോണിക്കക്ക് ഫ്രൈഡ് റൈസ് അല്ലാതെ ചൈനീസ് ഫുഡും മറ്റും ഉണ്ടാക്കാൻ അറിയില്ലെന്ന് നേരത്തെ കണ്ടെത്തിയിരുന്നതു കൊണ്ടാണ് ഇങ്ങിനെയൊരു തീരുമാനത്തിൽ എത്തിയതെന്ന് അനുമാനിക്കാം).

വാനത്തുയർന്ന ന്യൂനമർദ്ദങ്ങളൊക്കെ പെയ്തൊഴിഞ്ഞു കഴിഞ്ഞു. ജനങ്ങൾ മഴയെ ശപിച്ചു തുടങ്ങി.

ചാനലുകളും പത്രമാധ്യമങ്ങളും ഇന്നച്ചനെയും രണ്ടു സ്ത്രീകളെയും പല ആംഗിളുകളിലും മിക്സ് ചെയ്ത് പല വർണ്ണങ്ങളിലും കാണിച്ചു കൊണ്ടേയിരിക്കുന്നു.

സ്വാദിഷ്ടമായ ഭക്ഷണമായിരുന്നു. മൃഷ്ടാന്നം ഉണ്ടു, ഏമ്പക്കവും വിട്ടു. ഇപ്പോൾ പുളിച്ചു തികട്ടി യിരിക്കുന്നു.

അടുത്ത തിങ്കളാഴ്ച പുലർന്നത് ഒരു അറബിക്കല്യാണത്തിന്റെ വാർത്തയുമായിട്ടാണ്. പതിനേഴു വയസ്സായ പെൺകുട്ടിയെ, മദ്ധ്യവയസ്സെത്തിയ അറബിയെ, പെൺകുട്ടിയുടെ അച്ഛനമ്മമാരെ, ദല്ലാൾ പണിചെയ്തവരെ, വിവാഹ കർമ്മങ്ങൾ ചെയ്തു കൊടുത്തവരെ കണ്ട് ജനം ഇന്നച്ചനോടു യാത്ര പറഞ്ഞിറങ്ങിപ്പോയി.

അയാൾ ഇന്നച്ചന്റിടത്തേക്ക് ഒരു ഭ്രാന്തനെപ്പോലെ ഓടിയെത്തി. അയാൾ മൂന്നാമത് സ്ത്രീയെ വാതു വച്ച ധർമപുത്രരായിരുന്നു.

ഇന്നച്ചിന്റിടം, ഉത്തരാഘണ്ഡിൽ പ്രളയം കഴിഞ്ഞതുപോലെ ആയിരിക്കുന്നു. ടാർ ചെയ്തിരുന്ന വഴി കുത്തിയൊലിച്ചു പോയി, തെങ്ങുകളുടെയെല്ലാം തല വെട്ടി ചോറെടുക്കപ്പെട്ടു, കമുകുകൾ ചുവടോടെ പിഴുതെടുക്കപ്പെട്ടു, ആഞ്ഞിലിയും പ്ലാവും മാവുമൊക്കെ കുറ്റിയാക്കപ്പെട്ടു, ഇടവിളകളെല്ലാം മദയാന കയറി ഉഴുതു മറിച്ചതുപോലെയാക്കപ്പെട്ടു, കൊട്ടാരത്തിന്റെ കൃഷ്ണ ശിലയിൽ തീർത്ത ആണിക്കല്ലു കൂടി കുത്തിയിളക്കി കൊണ്ടു പോകപ്പെട്ടു...........

ഭ്രാന്തമായ നിലവിളയോടെ അയാൾ അവിടമാകെ പരതി നടന്നു.

കാവിന്റെ തെക്കു മാറി, പിഞ്ഞിക്കീറിയ വസ്ത്രക്കഷണങ്ങൾ കണ്ടപ്പോൾ അയാൾക്ക് പരിചയം തോന്നി.

പക്ഷെ,

അതിനെ തൊട്ടു കിടന്നിരുന്ന, മനുഷ്യ ഭോജനം കഴിഞ്ഞ്, നായ്ക്കളും കാക്കയും കഴുകനും, എറുമ്പും പുഴുക്കളും തിന്ന ശേഷം മണങ്ങളും ഗുണങ്ങളും പ്രകൃതിയിൽ ലയിച്ചു കഴിഞ്ഞ ദേഹം, സ്ത്രീയുടേതോ പുരുഷന്റേതോയെന്നു തിരിച്ചറിയാൻ അയാൾക്ക് കഴിഞ്ഞില്ല.

വീണ്ടും പൗർണ്ണമികൾ കഴിഞ്ഞൊരു നാൾ, ഒരു മങ്കാവുടിക്കാരന്റെ ഫെയ്സ് ബുക്കിൽ, മോബൈൽ ഫോണിൽ പകർത്തിയ ഒരു വീഡിയോ ചിത്രം പോസ്റ്റു ചെയ്തു.

മങ്കാവുടി ചന്തയിലെ ഷട്ടറുകൾ ഇല്ലാത്ത ഉണക്കമീൻ സ്റ്റാളുകളിലൊന്നിൽ എട്ടു പത്തു പേർ കൂടി നില്കന്നിടത്തേക്ക് അവന്റെ മോബൈൽ എത്തിപ്പെടുകയായിരുന്നു. കൂടി നില്ക്കുന്നവർക്കിടയിലൂടെ മെബൈൽ നുഴഞ്ഞു കയറി ആ മനോഹര ദൃശ്യങ്ങൾ പകർത്തുകയായിരുന്നു.

നിവർത്തിട്ടിരിക്കുന്ന ഒരു ദിനപത്രത്തിന്റെ മുന്നിൽ ചമ്രം പടിഞ്ഞ് ഇന്നച്ചൻ ഇരിക്കുന്നു. അയാൾ വലതു കൈ വിരലുകൾക്കിടയിൽ രണ്ടു ചീട്ടുകളും, ഇടതു കൈ വിരലുകൾക്കിടയിൽ ഒരു ചീട്ടും വച്ചു കൊണ്ട് വിളമ്പരം ചെയ്യുന്നു.

-വെയ്യ് രാജാ വെയ്യ്.... ഒന്നു വെച്ചാൽ രണ്ടു കിട്ടും.... രണ്ടു വെച്ചാൽ നാലു കിട്ടും.... ആർക്കും വെയ്ക്കാം... എന്തും വെയ്ക്കാം..... ചിത്രത്തിൽ വെച്ചാൽ നിങ്ങൾക്ക്, നമ്പറിൽ വെച്ചാൽ കമ്പനിക്ക്.....വെയ്യ് രാജാ വെയ്യ്.....

വിളമ്പര ശേഷം ഇന്നച്ചന്റെ കൈകൾ ധ്രുതിൽ ചലിക്കുന്നു, ചീട്ടുകൾ തറയിൽ വിരിച്ചിരിക്കുന്ന ന്യൂസ് പേപ്പറിൽ കമഴ്ത്തി വയ്ക്കുന്നു. കണ്ടു നിന്നവർ പത്തു രൂപ, അമ്പതു രൂപ, നൂറു രൂപ നോട്ടുകൾ ചീട്ടുകളിൽ വച്ചു കൊണ്ടിരിക്കുന്നു.

ഫെയ്സ് ബുക്കിൽ പോസ്റ്റിംഗ് വന്ന് മിനിട്ടുകൾക്കകം നൂറുകണക്കിന് കമന്റുകളാണ് വന്നത്, ഇപ്പോഴും വന്നു കൊണ്ടിരിക്കുന്നു.

@@@@@@@@